**Released on 1-02-11**

## കുരുമുളകിന് നേട്ടത്തിന്റെ നാളുകൾ എന്ന് മാർക്കറ്റ് ഇന്റെലിജെൻസ് സെന്റർ

ഉയർന്ന വേതനം, തൊഴിലാളികളുടെ ക്ഷാമം, വർദ്ധിച്ച രോഗബാധ, ഉത്പാദനക്ഷമതയിലെ ഇടിവ്, വർദ്ധിച്ച ഉത്പാദന ചിലവ്, വിലയിലെ ചാഞ്ചാട്ടം എന്നിവ മൂലം കേരളത്തിലെ കുരുമുളക് കൃഷിയുടെ വിസ്തൃതി കഴിഞ്ഞ ഏതാനും വർഷങ്ങളായി കുറഞ്ഞു വരികയാണ് എന്ന് പട്ടിക.1 വ്യക്തമാക്കുന്നു. 2000–2001 ൽ 2.02 ലക്ഷം ഹെക്ടറിൽ കൃഷി ചെയ്തിരുന്ന കുരുമുളക്, 2008–2009 വർഷം ആയപ്പോഴേക്കും 1.54 ലക്ഷം ഹെക്ടറിലേക്ക് ചുരുങ്ങി. ഇതേ കാലയളവിൽ ഒരു ഹെക്ടറിൽ നിന്ന് 301 കിലോ കുരുമുളക് ലഭിച്ചിരുന്ന അവസ്ഥയിൽ നിന്നും 221 കിലോ മാത്രമായി കുറഞ്ഞു. തന്മൂലം ഉതപാദനത്തിൽ 44 ശതമാനത്തിലേറെ കുറവ് സംഭവിച്ചിട്ടുള്ളതായി കാണാം.

പട്ടിക.1 കേരളത്തിലെ കുരുമുളകിന്റെ വിസ്തീർണ്ണം, ഉത്പാദനം, ഉത്പാദനക്ഷമത

| വർഷം | വിസ്തീർണ്ണം ( lakh ha) | ഉത്പാദനം ( ‘000 tonnes) | ഉത്പാദനക്ഷമത ( Kg/ha) |
|---|---|---|---|
| 2000-01 | 2.02 | 60.93 | 301 |
| 2001-02 | 2.04 | 58.24 | 286 |
| 2002-03 | 2.04 | 67.36 | 330 |
| 2003-04 | 2.16 | 69.90 | 323 |
| 2004-05 | 2.38 | 74.98 | 315 |
| 2005-06 | 2.38 | 87.61 | 368 |
| 2006-07 | 2.17 | 64.26 | 297 |
| 2007-08 | 1.76 | 41.95 | 239 |
| 2008-09 | 1.54 | 33.99 | 221 |

സാധാരണ ഗതിയിൽ നവംബർ അവസാനം മുതൽ ഡിസംബർ മാസം കൊണ്ട് വിളവെടുപ്പ് കഴിയുന്ന അവസ്ഥയിൽ നിന്നും, ക്രമം തെറ്റിയ മഴയും, കാലാവസ്ഥ വ്യതിയാനവും മൂലം കേരളത്തിലെ സമതല പ്രദേശങ്ങളിൽ ഫെബ്രുവരി മാസം വിളവെടുപ്പ് ആരംഭിച്ചിട്ടേയുള്ളു. ഇടുക്കി, വയനാട് പോലുള്ള മലയോര പ്രദേശങ്ങളിൽ ഇതു വീണ്ടും വൈകുവാനാണ് സാധ്യത. കാലവസ്ഥയിൽ വന്ന മാറ്റം വിയറ്റ്നാം, ഇന്തോനേഷ്യ, ബ്രസീൽ എന്നീ പ്രമുഖ കുരുമുളക് ഉതപാദന രാജ്യങ്ങളേയും കാര്യമായി ബാധിച്ചിട്ടുണ്ടെന്ന് മനസ്സിലാകുന്നു. ഈ പരിതസ്ഥിയിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റല്ലിജെൻസ് സെന്റർ, കൊച്ചി വിപണിയിലെ 1995 ജനവരി മുതൽ 2011 ജനവരി വരെയുള്ള 16 വർഷത്തെ കുരുമുളകു വിലയെ അപഗ്രഥന വിധേയമാക്കുകയും മാർക്കറ്റ് സർവ്വേ വഴി വിപണി വിശകലനം ചെയ്യുകയും ചെയ്തതിൽ നിന്ന് ഉരുത്തിരിഞ്ഞ കണ്ടെത്തലുകൾ ഇപ്രകാരമാണ്.

- ഇന്റർനാഷണൽ പെപ്പർ കമ്മ്യൂണിറ്റി പ്രമുഖ കുരുമുളക് ഉത്പാദന രാജ്യങ്ങളിലെ 2011–2012 വർഷത്തേക്കുള്ള ആഗോളതല ഉത്പാദനം 2,44,632 ടൺ കുരുമുളകാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് 2010–2011 വർഷത്തെ ഉത്പാദനത്തേക്കാൾ 9.81 ശതമാനം കുറവാണ്. എന്നാൽ, കുരുമുളകിന്റെ ആഗോളതല ഉപഭോഗത്തിൽ കുറവ് ഉണ്ടാകില്ലെന്ന് മാത്രമല്ല ആളോഹരി ഉപഭോഗത്തിൽ പ്രതിവർഷം 3.5 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നു.
- ഇറക്കുമതി ചെയ്യുന്ന പ്രമുഖ രാജ്യങ്ങളിലെ പരിമിതമായ സ്റ്റോക്കും, ഉത്പാദക രാജ്യങ്ങളിലെ മുൻ കാല സ്റ്റോക്കിലെ കുറവും കണക്കിലെടുത്താൽ വരും വർഷം കുരുമുളകിന് നേട്ടത്തിന്റെ വർഷമായി ഭവിക്കാനുള്ള എല്ലാ സാധ്യതയും കാണുന്നു. പ്രമുഖ ഉത്പാദന രാജ്യമായ വിയറ്റ്നാം, നവംബർ 2010 ൽ 15,000 ടൺ കുരുമുളക് ഇറക്കുമതി ചെയ്തു എന്ന റിപ്പോർട്ട്, കഴിഞ്ഞ വർഷത്തെ സ്റ്റോക്കിൽ വന്ന ദൗർലഭ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ വർഷം മാർച്ചോടെ വിളവെടുപ്പ് പൂർത്തികരിക്കുന്ന വിയറ്റ്നാം ഒറ്റയടിക്ക് ചരക്ക് കയറ്റിവിടാതെ വില്പന ക്രമീകരിക്കുകയാണെങ്കിൽ, കുരുമുളക് വില പുതിയ റിക്കാർഡ് കുറിക്കും.
- കഴിഞ്ഞ വർഷത്തെ ഉയർന്നവിലയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ കർഷകരെല്ലാം തന്നെ സ്റ്റോക്ക് വിറ്റഴിച്ചതായി അനുമാനിക്കുന്നു. ഈ സാഹചര്യത്തിൽ വിളവെടുപ്പ് പൂർത്തീകരിച്ച് ചരക്കു നീക്കം ശക്തമാകുന്നതോടെ വിലയിൽ താത്ക്കാലികമായി കുറവ് വന്നാലും, ലഭ്യതയിലെ ദൗർലഭ്യവും, വർദ്ധിച്ച ആവശ്യവും മൂലം ഏപ്രിൽ– മേയ് മാസങ്ങളോടെ വിലയിൽ കുതിപ്പ് ഉണ്ടാകുമെന്നാണ് മാർക്കറ്റ് ഇന്റല്ലിജെൻസ് സെന്റർ നല്കുന്ന സൂചന.

ഫെബ്രുവരി മുതൽ മേയ് വരെ താഴെ പറയും പ്രകാരമുള്ള വില പ്രതീക്ഷിക്കുന്നതായി സെന്ററിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടിുന്നു.

| മാസം | പ്രവചന വില (Rs/Kg) |
|---|---|
| ഫെബ്രുവരി'11 | 185 - 200 |
| മാർച്ച്,'11 | 180 - 195 |
| ഏപ്രിൽ'11 | 200-215 |
| മേയ്'11 | 215-230 |

ചരക്കു വിറ്റഴിക്കാനുള്ള സമ്മർദ്ദം നേരിടാത്തതിനാൽ കർഷകർ തിരക്കിട്ട് വിറ്റഴിക്കാതെ വേണ്ട ക്രമീകരണം ചെയ്യുകയാവും കൂടുതൽ അഭികാമ്യം.





Dr. K. Satheesh Babu, Professor & CCPI

K.Jayasree, SRF

For more details, visit www.amickau.nic.in, or www.kau.edu or www.kauhort.in or Mail to: amickau@gmail.com or call at: 8129628797.